8.0ം തീയതിയാണ് കഴിഞ്ഞ കരാറുണ്ടായത്. ഈ 3 വർഷക്കാലയളവിൽ അത്യാവശ്യ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവും മറ്റും കാരണം, തൊഴിലാളികളുടെ ജീവിതനിലവാരം ഈ കരാർ ഉണ്ടാക്കിയ കാലത്തേക്കാൾ വളരെ മോശമായിത്തീർന്നിരിക്കുകയാണ്. തൊഴിലാളികളുടെ ജീവിതച്ചെലവിൽ ഉണ്ടായിട്ടുള്ള ഈ വർദ്ധനവും മറ്റു സാഹചര്യങ്ങളും കണക്കിൽ എടുത്താൽ കൂലി പരിഷ്കരണം അടിയന്തിരമായി ആവശ്യമായിട്ടുള്ള കാര്യമാണ്. അതുപോലെ ഇന്നുള്ള താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തണം, തൊഴിലാളികളുടെ വസതികൾ നന്നാക്കണം, വൈദ്യുതീകരിക്കണം തുടങ്ങിയ മറ്റു ചില ആവശ്യങ്ങൾ തൊഴിലാളി സംഘടനകൾ മുന്നോട്ടുവച്ചിട്ടുണ്ട്. കേരളത്തിലെ തോട്ടരംഗത്ത് പ്രവർത്തിക്കുന്ന മുഴുവൻ ട്രേഡ് യൂണിയനുകളും കേന്ദ്ര ഫെഡറേഷനുകളും തോട്ടം ഉടമകളെയും ഗവൺമെൻറിനെയും ഈ ആവശ്യങ്ങൾ അറിയിച്ചിട്ടുണ്ട്. ഇതുവരെ യാതൊരു കൂടിയാലോചനയും നടന്നിട്ടില്ല. കൂടിയാലോചനക്കുവേണ്ടി നിലവിൽ ഒരു സംവിധാനം ഉണ്ടായിരുന്നു—പ്ലാൻറേഷൻ ലേബർ കമ്മിറ്റി. ആ കമ്മിറ്റി ഇന്ന് നിലവിലില്ല. അതുകൊണ്ട് പ്ലാൻറേഷൻ ലേബർ കമ്മിറ്റി അടിയന്തിരമായി സംഘടിപ്പിക്കണം. ഈ പ്രശ്നത്തിൽ അടിയന്തിരമായി കൂടിയാലോചിക്കണം. തൊഴിലാളികളെ ഒരു പണിമുടക്കിലേക്കും സമരത്തിലേക്കും തള്ളിവിടരുത്. അതുപോലെതന്നെ തൊഴിലാളികളുടെ ഡി. എ. നിരക്ക് വർദ്ധിപ്പിക്കണം. തോട്ടം തൊഴിലാളികൾക്ക് ഇന്ന് വളരെ കുറഞ്ഞ ഡി. എ. നിരക്കാണ് നിലവിലുള്ളത്. അത് നിശ്ചയിച്ച കാലത്തുള്ളതിൽനിന്ന് യാതൊരു മാറ്റവും ഇല്ലാതെ തുടരുകയാണ്. അതുകൊണ്ട് അടിസ്ഥാന കൂലിയിൽ വർദ്ധനവ് വേണം. ഡി. എ. നിരക്ക് വർദ്ധിപ്പിക്കണം തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടി കൂടിയാലോചന അടിയന്തിരമായി ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ഇപ്പോൾ നിലവിലിരിക്കുന്നത് ഒരു എഗ്രിഡ് വേജസ് ആണ്. അതിന്റെ കാലാവധി കഴിഞ്ഞു എന്ന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് ശരിയാണ്. അതിന്റെ കൺസിലിയേഷൻ തുടർന്ന് ആരംഭിക്കുന്നതിനുള്ള എല്ലാ നടപടിയും പൂർത്തിയായിട്ടുണ്ട്. അതുപോലെതന്നെ ഡി. എൽ. സി. യും രൂപീകരിക്കുന്നതിനുള്ള നടപടികളും ഏകദേശം പൂർത്തിയായിട്ടുണ്ട്. കൺസിലിയേഷൻ ഉടൻതന്നെ ആരംഭിക്കുന്നതും ഡി. എൽ. സി. ഉടൻതന്നെ രൂപീകരിക്കുന്നതുമാണ്.

(14) തോപ്പുംപടി വെല്ലിംഗ്ടൺ ഐലൻറ് പാലം

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, നാഷണൽ ഹൈവേ 47-ൽ തോപ്പുംപടി വെല്ലിംഗ്ടൺ ഐലൻറ് പാലത്തിന്റെ കാലപ്പഴക്കം മൂലം ഉളവാകുന്ന വാഹന ഗതാഗത തടസ്സവും ആ പാലത്തിന്റെ അപകടസാദ്ധ്യതയും ഈ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ആഗ്രഹിക്കുന്നത്. കാലഹരണപ്പെട്ട പ്രസ്തുത പാലം തകർന്നുവീണാൽ തിരുവനന്തപുരം നാഷണൽ ഹൈവേ 47 വഴി കേരളത്തിന്റെ വടക്കേ അറ്റത്തേക്കുള്ള എല്ലാ ഗതാഗതവും സ്തംഭിക്കും. കൊച്ചി തുറമുഖംവഴി നടക്കുന്ന കയറ്റിറക്കം സ്തംഭിക്കും. അതുവഴി കൊല്ലം മുതൽ വടക്കോട്ടുള്ള മേഖലയിലെ വ്യാപാരവും വ്യവസായവും പൂർണ്ണമായി നിലയ്ക്കും. കൊച്ചി നഗരത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പടിഞ്ഞാറൻ മേഖലയിൽ മറ്റു മേഖലയുമായുള്ള ബന്ധം തകരും. അതുവഴി ജനജീവിതം ആകെ താറുമാറാകുന്ന ഒരവസ്ഥ ഉണ്ടാകും. തോപ്പുംപടി പാലത്തിന് സമാന്തരമായി മറ്റൊരു പാല്ലം പണിയണമെന്ന മുറവിളി കുറേ കാലമായി ഉയർന്നുവന്നിട്ടുണ്ട്. കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഇത്തരം ഒരു പ്പാലം നിർമ്മിക്കുന്നതിന്, അതിന്റെ ചെലവിന്റെ ഒരു വിഹിതം വഹിക്കാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുമുണ്ട്. നമ്മുടെ കിഴക്കൻ മേഖലയുമായി ബന്ധപ്പെടുന്ന ലിങ്ക് റോഡുമായി ബന്ധപ്പെടുത്തുന്നതിന് ഇപ്പോഴും പെരുമാനൂർ പാലത്തിന് സമാന്തരമായി പണിയുന്നതുപോലെതന്നെ കൊച്ചിൻ മേഖലയുടെ പടിഞ്ഞാറൻ മേഖലയുമായി ബന്ധപ്പെടുന്നതിന് ഐലൻറിൽനിന്ന് ഒരു പുതിയ പാലം പണിയണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ. പറഞ്ഞതുപോലെ എറണാകുളം നഗരം മുതൽ തോപ്പുംപടി വരെ രണ്ടു പാലങ്ങളാണുള്ളത്. രണ്ടും പോർട്ട് ട്രസ്റ്റിന്റെ കീഴിലുള്ളതാണ്. തോപ്പുംപടി പാലവും, വെണ്ടുരുത്തിപാലവും. വെണ്ടുരുത്തി പാലത്തിന് പകരമായി മറ്റൊരു പാലം പോർട്ട് ട്രസ്റ്റ് പണിതുകൊണ്ടിരിക്കുകയാണ്. മട്ടാഞ്ചേരി പാലത്തിനു പകരമായി മറ്റൊരു പാലം കെട്ടുന്നതിന് പ്രപ്പോസൽ ഉണ്ട്. പോർട്ട് ട്രസ്റ്റ് ഇക്കാര്യം പരിശോധിച്ച് വരികയാണ്. അതിന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ച് പോർട്ട് ട്രസ്റ്റ് അനുസ്യൂതം നിരീക്ഷണം നടത്തുന്നുണ്ട്, ഇപ്പോഴും സുരക്ഷിതത്വത്തിന് യാതൊരു അപാകതയുമില്ലെന്നാണ് റിപ്പോർട്ട്. പോർട്ട് ട്രസ്റ്റ് ഈ കാര്യത്തിൽ വേണ്ടതുപോലെ ശ്രദ്ധിക്കുന്നുണ്ട്.

(15) ചുങ്കത്തറ ആദിവാസി കോളനിയിലെ കുഷ്ഠരോഗബാധ

ശ്രീ. ടി. കെ. ഹംസ: സർ, നിലമ്പൂർ മണ്ഡലത്തിലെ ആദിവാസികളും തിങ്ങിപ്പാർക്കുന്ന പ്രദേശമാണ് ചുങ്കത്തറയിലെ മലയോര പ്രദേശങ്ങളും. അവിടെ ആദിവാസികൾക്കിടയിൽ കുറച്ചുകാലമായി മാരകമായ കുഷ്ഠരോഗം ബാധിച്ചിട്ടുണ്ട്, അവരുടേയും മറ്റ് ആളുകളുടേയും കുട്ടികൾ പഠിക്കുന്ന മുണ്ടേരി ഹൈസ്കൂളിൽ ഏതാണ്ട് 700-ഓളം വിദ്യാർത്ഥികളും ആദിവാസികളും അല്ലാത്തവരുമായി പഠിക്കുന്നുണ്ട്. ആ വിദ്യാർത്ഥികളിലിടയിൽ വളരെ മാരകമായ വിധത്തിൽ കുഷ്ഠരോഗം പടർന്നുപിടിച്ചിട്ടുണ്ട്. ഡോക്ടറുടെ പരിശോധനയിൽ 16 കുട്ടികൾക്ക് കുഷ്ഠരോഗം ബാധിച്ചിട്ടുള്ളതായി കണ്ടു. സത്വരമായ നടപടികൾ സ്വീകരിച്ച് അടിയന്തിരമായി വൈദ്യസഹായം എത്തിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, അവിടെ ഒരു റമഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ 20 വിസിറ്റർമാരും, 40 നോൺ മെഡിക്കൽ സൂപ്പർവൈസർമാരും, ഒരു ലബോറട്ടറി അസിസ്റ്റൻറും, ഒരു ലബോറട്ടറിയും, ഉൾപ്പെടെയുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പരിശോധന നടത്തിയതിൽ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ അവർക്ക് രോഗം ബാധിച്ചതായി കാണാൻ സാധിച്ചിട്ടുണ്ട്. ഈ രോഗം പകരും എന്ന് ഒരു ധാരണയുണ്ട്. പക്ഷേ കുഷ്ഠരോഗത്തിന് പകർച്ച

LIBRARY ARCHIVES Kerala Legislative Assembly